ഭരണഭാഷ മാതൃഭാഷ
**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി.ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം 695 004 കേരള
CIN : U40100KL2011SGC027424
ചീഫ് വിജിലൻസ് ഓഫീസറുടെ കാര്യാലയം, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം
ഫോൺ നമ്പർ : 0471-2444554, ഫാക്സ് നമ്പർ : 0471-2554414
വെബ് സൈറ്റ് : www.kseb.in E-mail vigilance.kseb@gmail.com

## സംഗ്രഹം

വെളിയം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായ ശ്രീ റാഫി.എസ്.എം ന് എതിരായ അച്ചടക്കനടപടി - ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിനെതിരായ പുന:പരിശോധനാ ഹർജി– തീർപ്പാക്കിക്കൊണ്ടുള്ള ഉത്തരവ് -സംബന്ധിച്ച്.

---

## കോർപ്പറേറ്റ് ഓഫീസ്(വിജിലൻസ്)

ബി.ഒ.(ഡി .ബി) നം.452/2023(വിജി/എ(4)/4464/2020) തീയതി,തിരുവനന്തപുരം: 18/10/2023 /4174

വായന:-

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി അപ്പലേറ്റ് അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള 07.02.2020 തീയതി ഉത്തരവ് .
2. ശ്രീ റാഫി.എസ്.എം ന് 14.10.2020 തീയതിയായി നൽകിയിരിക്കുന്ന കുറ്റപത്രം.
3. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) 03.12.2020 തീയതിയായി പുറപ്പെടുവിച്ചിരുന്ന വകുപ്പുതല അന്വേഷണ ഉത്തരവ്.
4. 02.09.2022 തീയതിയായി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) പുറപ്പെടുവിച്ചിരുന്ന അന്തിമ ഉത്തരവ്.
5. 02.05.2023 തീയതിയിൽ ശ്രീ റാഫി.എസ്.എം ന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കിക്കൊണ്ട് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ്.
6. ശ്രീ റാഫി.എസ്.എം, സെക്രട്ടറി (ഭരണം) മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അപ്പീൽ അപേക്ഷ.
7. 26.09.2023 തീയതിയായി ഡയറക്ടർ ബോർഡിന് സമർപ്പിച്ചിരിക്കുന്ന കുറിപ്പ് നമ്പർ.വിജി/എ4/4464/2020

## ഉത്തരവ്

പെരുമ്പുഴ ഇലക്ട്രിക്കൽ സെക്ഷനിലെ വൈദ്യുതി ഉപഭോക്താവായ വിനായക കാഷ്യൂ എന്ന സ്ഥാപനത്തിൽ 02.11.2019 തീയതി കൊല്ലം എ.പി.റ്റി.എസ് വിഭാഗം പരിശോധന നടത്തിയിട്ടുള്ളതും 25 കി. വാട്ട്സ് അനധികൃത കണക്റ്റിംഗ് ലോഡ് കണ്ടെത്തിയിട്ടുള്ള തുമാണ്. തുടർന്ന് കൺസ്യൂമറിന് 1,68,081/- രൂപയുടെ പ്രൊവിഷണൽ ബില്ല് 05.11.2019 തീയതിയിൽ നൽകിയിട്ടുള്ളതും, പ്രസ്തുത ബിൽ തുക ശരിവച്ചുകൊണ്ട് 28.11.2019 തീയതിയിൽ ഫൈനൽ ബില്ല് നൽകിയിട്ടുള്ളതുമാണ്.

പ്രസ്തുത ബില്ലിനെതിരായി ഉപഭോക്താവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി അപ്പലേറ്റ് അതോറിറ്റിയ്ക്ക് മുമ്പാകെ 215/2019 പ്രകാരം അപ്പീൽ ഫയൽ ചെയ്തിരുന്നതും പ്രസ്തുത അപ്പീലിൽ പരിശോധന സമയത്ത് തയ്യാറാക്കിയിരുന്ന സൈറ്റ് മഹസർ വ്യക്തമല്ലെന്നും, അന്തിമ ബില്ല് നൽകുന്നതിന് മുൻപായി ഉപഭോക്താവിന്റെ ഭാഗം കേൾക്കുന്നതിന് ശ്രമിച്ചില്ലായെന്നും പ്രതിപാദിച്ചിരുന്നു. തുടർന്ന് അപ്പലേറ്റ് അതോറിറ്റി സൈറ്റ് മഹസർ പരിശോധിച്ചതിൽ വിവരങ്ങൾ വ്യക്തമല്ലെന്നും ടി മഹസറിന്റെ ഉള്ളടക്കം വായിക്കുന്നതിനും മനസ്സിലാക്കുന്നതിനും കഴിയാത്തരീതിയിൽ തയ്യാറാക്കിയിരുന്നതായും കണ്ടെത്തിയിട്ടുള്ളതാണ്. 28.01.2020 തീയതി അപ്പലേറ്റ് അതോറിറ്റിയ്ക്ക് മുമ്പാകെ നടന്ന ഹിയറിംഗ് സമയത്ത് ഓഫീസർ എന്ന നിലയിൽ ശ്രീ.റാഫി.എസ്.എം-നോട് സൈറ്റ് മഹസർ വായിക്കാൻ ആവശ്യപ്പെട്ടിരുന്നതും എന്നാൽ ടിയാന് സൈറ്റ് മഹസറിന്റെ ഉള്ളടക്കം വായിക്കാൻ കഴിയാതിരുന്നതുമാണ്.

പരിശോധന സമയത്ത് അസ്സസിംഗ് ഓഫീസർ സ്ഥലത്തുണ്ടായിരുന്നില്ലായെന്നും പരിശോധനാസംഘം തയ്യാറാക്കിയ സൈറ്റ് മഹസർ മാത്രം കണക്കാക്കി കൺസ്യൂമറിന് ബിൽ നൽകിയിട്ടുള്ളതായും കൺസ്യൂമറിന്റെ ഭാഗം ന്യായീകരിക്കുന്നതിന് അവസരം നൽകാതെ അന്തിമബിൽ നൽകിയിരിക്കുന്നതായും ആയതിനാൽ സപ്ലൈകോഡ് ചട്ടം 126 പ്രകാരമുള്ള മൂല്യനിർണ്ണയത്തിന്റെ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായും അപ്പലേറ്റ് അതോറിറ്റി നിരീക്ഷിച്ചിരുന്നു. തുടർന്ന് കൺസ്യൂമറിന് നൽകിയിരുന്ന അന്തിമ മൂല്യനിർണ്ണയ ഉത്തരവ് റദ്ദാക്കിയിട്ടുള്ളതും റഗുലേഷൻ 158(17) പ്രകാരം ഉപഭോക്താവ് അടച്ചിരുന്ന തുക പലിശ സഹിതം തിരിച്ചുനൽകുന്നതിനും തീരുമാനിച്ചുകൊണ്ട് അപ്പലേറ്റ് അതോറിറ്റി വായന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

തുടർന്ന് സീനിയർ ലാ ഓഫീസർ ശ്രീ. റാഫിയിൽ നിന്നും വിശദീകരണം തേടുന്നതിന് നിർദ്ദേശിച്ചിരുന്നതും ആയതുപ്രകാരം ടിയാന് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) 17.06.2020 തീയതിയായി മെമ്മോ നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത മെമ്മോയ്ക്ക് ശ്രീ. റാഫി സമർപ്പിച്ചിരുന്ന മറുപടി തൃപ്തികരമല്ലായെന്നതിനാൽ വായന (2)പ്രകാരം ടിയാന് കുറ്റപത്രം നൽകിയിട്ടുള്ളതാണ്. ടിയാന് നൽകിയിട്ടുള്ള ചാർജ്ജുകളെ

സാധൂകരിക്കുന്ന യാതൊരുവിധ മറുപടിയും സമർപ്പിച്ചിട്ടില്ലാത്തതിനാൽ വായന (3) പ്രകാരം വിശദമായ വകുപ്പുതല അന്വേഷണത്തിന് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ഉത്തരവിട്ടിട്ടുള്ളതുമാണ്. കൂടാതെ കൺസ്യൂമർ, ബോർഡിലേയ്ക്ക് പ്രൊവിഷണൽ ബില്ലിനത്തിൽ അടച്ചിരുന്ന 80,815/- രൂപയും പലിശയായി കണക്കാക്കിയിരുന്ന 6,453/-രൂപയും കൺസ്യൂമറിന് വൈദ്യുതി ചാർജ്ജിൽ അഡ്ജസ്റ്റ് ചെയ്ത് റീ ഫണ്ട് നൽകിയിട്ടുള്ളതുമാണ്.

വകുപ്പുതല അന്വേഷണത്തിലെ കണ്ടെത്തലുകളിൽ നിന്നും ബോർഡിലെ ഉത്തരവാദിത്തപ്പെട്ട ജീവനക്കാരനെന്ന നിലയിൽ ശ്രീ റാഫി.എസ്.എം ന്റെ ഭാഗത്തു നിന്നും കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരുവാർഷിക ഇൻക്രിമെന്റ് സഞ്ചിതമല്ലാതെ തടയുന്നതിനും ബോർഡിനുണ്ടായ സാമ്പത്തിക നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചു കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ ടി കാരണം കാണിക്കൽ നോട്ടീസിന് യാതൊരുവിധ മറുപടിയും സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കാരണംകാണിക്കൽ നോട്ടീസിൽ പ്രതിപാദിച്ചിരുന്ന ശിക്ഷ സ്ഥിരപ്പെടുത്തികൊണ്ട് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) വായന (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) പുറപ്പെടുവിച്ചിരുന്ന ഉത്തരവിനെതിരായി ശ്രീ റാഫി.എസ്.എം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നതും, പ്രസ്തുത അപ്പീൽ അപേക്ഷയിൽ ടിയാന്റെ ഭാഗം ന്യായീകരിക്കത്തക്കതായ യാതൊരുവിധ തെളിവുകളോ വാദങ്ങളോ സമർപ്പിച്ചിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) പുറപ്പെടുവിച്ചിരുന്ന വായന (4) പ്രകാരമുള്ള ശിക്ഷ ശരിവച്ചുകൊണ്ട് വായന (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഉത്തരവിനെതിരായി ശ്രീ റാഫി.എസ്.എം, സെക്രട്ടറി (ഭരണം) ന് വായന (6) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത അപ്പീൽ അപേക്ഷയിൽ ഉപഭോക്താവ് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ ടിയാൻ ഹിയറിംഗിന് ഹാജരായിട്ടുള്ളതും സൈറ്റ് മഹസറിലെ കൈയ്യക്ഷരം സ്റ്റൈൽ വായിക്കാൻ കഴിയാതിരുന്നതിനാലാണ് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സൈറ്റ് മഹസർ

കൃത്യമായി വായിക്കാൻ കഴിയാതിരുന്നത് എന്ന് പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ ടിയാൻ മുൻകാലങ്ങളിൽ അസ്സസിംഗ് ഓഫീസറായി ജോലി ചെയ്തിട്ടില്ലായെന്നും ജോലിയിലെ പരിചയക്കുറവ് മൂലമാണ് ഇത്തരത്തിലൊരു പിഴവ് സംഭവിച്ചിട്ടുള്ളതെന്നും ടി വസ്തുതകൾ പരിഗണിച്ച് ടിയാന് ചുമത്തിയിരിക്കുന്ന ശിക്ഷയിൽ നിന്നും നിശ്ചയിച്ചിരിക്കുന്ന വ്യക്തിഗത ബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ബാധ്യതയിൽ എ.പി.റ്റി.എസ് ഉദ്യോഗസ്ഥരെയും സൈറ്റ് മഹസർ തയ്യാറാക്കിയ സബ് എഞ്ചിനീയറെയും ഉൾപ്പെടുത്തേണ്ടതാണെന്നും അപേക്ഷി ച്ചിരിക്കുന്നു.

പ്രസ്തുത ഫയലും ശ്രീ റാഫി.എസ്.എം സമർപ്പിച്ചിരിക്കുന്ന പുന:പരിശോധനാ ഹർജിയും പരിശോധിച്ചതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന നിലയിലും, അസ്സസിംഗ് ഓഫീസർ എന്ന നിലയിലും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനെ ന്നിരിക്കെ ശ്രീ റാഫി.എസ്.എം ന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടു ള്ളതായും ബോർഡിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുള്ളതായും വ്യക്തമാകുന്നതാണ്. കൂടാതെ അച്ചടക്കാധികാരിയായ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം), ടിയാന് നൽകുന്ന ശിക്ഷ ശുപാർശ ചെയ്തുകൊണ്ട് നൽകിയിരുന്ന കാരണം കാണിക്കൽ നോട്ടീസിന് യാതൊരുവിധ മറുപടിയും നൽകിയിട്ടില്ലാത്തതും വകുപ്പുതല അന്വേഷണഘട്ടത്തിൽ ടിയാന്റെ ഭാഗം ന്യായീകരിക്കുന്നതിന് മതിയായ അവസരങ്ങൾ നൽകിയിരുന്നതുമാണ്. ആയതിനാൽ ടിയാന്റെ ഭാഗം കേൾക്കുന്നതിന് അവസരം നൽകിയില്ല എന്ന വാദം തള്ളിക്കളയാവുന്നതാണ്.

ബോർഡിന്റെ എ.പി.റ്റി.എസ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർ വൈദ്യുതി മോഷണവും, അനധികൃത വൈദ്യുതി ഉപയോഗവും കണ്ടെത്തി ബോർഡിന് റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നവരാണ്. അപ്പലേറ്റ് അതോറിറ്റിയ്ക്ക് മുമ്പാകെ സൈറ്റ് മഹസർ കൃത്യമായി അവതരിപ്പിക്കാൻ കഴിഞ്ഞില്ലായെന്നുള്ളത് ഓഫീസറുടെ ഭാഗത്തുനിന്നും വന്ന വീഴ്ചയാണ്. ഉപഭോക്താവിന് പ്രൊവിഷണൽ ബില്ലും ഫൈനൽ ബില്ലും നൽകുന്ന സമയത്ത് അസ്സസിംഗ് ഓഫീസർ കൃത്യമായി സൈറ്റ് മഹസർ പരിശോധിക്കേണ്ടതും മനസ്സിലാക്കേണ്ടതുമാണ്.

ശ്രീ റാഫി.എസ്.എം സമർപ്പിച്ചിരിക്കുന്ന പുന:പരിശോധനാഹർജിയും ടിയാന്റെ വാദങ്ങളും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരിശോധിച്ചിട്ടുള്ളതും ടി വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ഫുൾ ടൈം ഡയറക്ടേഴ്സ് മുമ്പാകെ സമർപ്പിക്കുന്നതിനായി ഉത്തരവിട്ടിരുന്നതുമാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം വായന (7) പ്രകാരം ഡയറക്ടർ ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടു. 30.09.2023 ന് ചേർന്ന ഡയറക്ടർ ബോർഡ് അംഗങ്ങളുടെ യോഗം ശ്രീ റാഫി.എസ്.എം സമർപ്പിച്ചിരിക്കുന്ന പുന:പരിശോധനാഹർജിയും അനുബന്ധഫയലും വിശദമായി പരിശോധിക്കുകയും തുടർന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടിയാന് നിശ്ചയിച്ചിരുന്ന ശിക്ഷയായ ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതമല്ലാതെ തടയുന്നതിനും ബോർഡിനുണ്ടായ സാമ്പത്തിക നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചു.

ശ്രീ റാഫി.എസ്.എം സമർപ്പിച്ചിരുന്ന പുന:പരിശോധനാഹർജി ഇപ്രകാരം തീർപ്പാക്കിയിരിക്കുന്നു

**ഡയറക്ടർ ബോർഡിന്റെ ആജ്ഞാനുസരണം**
**ഒപ്പ്/-**
**കമ്പനി സെക്രട്ടറി**

സ്വീകർത്താവ്

ശ്രീ റാഫി.എസ്.എം (1045822),
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെളിയം.
(എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ കുണ്ടറ മുഖാന്തിരം.)

ഉത്തരവിന്റെ മൂന്ന് പകർപ്പുകൾ അയയ്ക്കുന്നു. അസ്സൽ സ്വീകർത്താവിന് കൈമാറി, പകർപ്പ് സ്വീകർത്താവിന്റെ തീയതി വച്ച കയ്യൊപ്പോടുകൂടി ഈ കാര്യാലയത്തിലേയ്ക്ക് തിരിച്ച് അയയ്ക്കേണ്ടതാണ്.

പകർപ്പുകൾ:-

1. ചീഫ് എഞ്ചിനീയർ(എച്ച്.ആർ.എം.), കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്
2. കമ്പനി സെക്രട്ടറി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്
3. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കൊട്ടാരക്കര.
4. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
5. ഡയറക്ടർ (ഫിനാൻസ്) ന്റെ പെഴ്സണൽ അസിസ്റ്റന്റിന്.
6. സെക്രട്ടറി(ഭരണം)-യുടെ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്
7. കരുതൽ ഫയൽ.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്